<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഒമ്പതാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2752</u> <u>20.06.2013-ൽ മറുപടി നൽകേണ്ടത്</u>

## റവന്യൂ/സർവ്വേ വകുപ്പുകളിലെ മികച്ച ജീവനക്കാർക്ക് അവാർഡ്

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ എം.എ.വാഹിദ്<br>ശ്രീ ലൂഡി ലൂയിസ്<br>ശ്രീ പാലോട് രവി<br>ശ്രീ വി.ഡി.സതീശൻ | ശ്രീ അടൂർപ്രകാശ്<br>റവന്യൂവും കയറും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തെ റവന്യൂ/സർവ്വേ വകുപ്പുകളിലെ മികച്ച ജീവനക്കാർക്ക് അവാർഡ് ഏർപ്പെടുത്താൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) എല്ലാ വർഷവും ഫെബ്രുവരി 24-ാം തീയതി റവന്യൂ ദിനമായി ആചരിക്കുന്നതിനും അതിനോടനുബന്ധിച്ച് റവന്യൂ വകുപ്പിലെയും സർവ്വെ വകുപ്പിലെയും എല്ലാ ജില്ലയിൽനിന്നുമുള്ള മികച്ച ഉദ്യോഗസ്ഥർക്ക് പുരസ്ക്കാരങ്ങൾ നൽകുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ ഓഫീസുകൾവഴി പൊതുജനത്തിന് സർക്കാർ നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിന് ഈ പരിപാടി സഹായിക്കുന്നു. റവന്യൂ വകുപ്പിലെ ജീവനക്കാരിൽ ഉത്സാഹം ഉണർത്തി അവരുടെ സേവനം മെച്ചപ്പെടുത്തുന്നതിലൂടെ പൊതുജന ങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) റവന്യൂ വകുപ്പ് മുഖാന്തിരമാണ് ടി പരിപാടി സംഘടിപ്പിക്കുന്നത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) എല്ലാ വർഷവും ഫെബ്രുവരി 24-ാം തീയതി റവന്യൂ ദിനമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 24.02.13-ന് റവന്യൂ ദിനമായി ആചരിക്കുകയും കോട്ടയത്ത്വച്ച് നടന്ന ചടങ്ങിൽ റവന്യൂ വകുപ്പിലെ എല്ലാ ജില്ലയിൽ നിന്നുമുള്ള മികച്ച ഡെപ്യൂട്ടി കളക്ടർ, തഹസിൽദാർ, വില്ലേജാഫീസർ തസ്തികകളിലുള്ളവർക്കും സർവ്വെവകുപ്പിലെ മികച്ച ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, എസ്.എസ്.എൽ.ആർ., ടെക്നിക്കൽ അസിസ്റ്റന്റ്, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ഡ്രാഫ്റ്റ്സ്മാൻ, ഹെഡ് സർവ്വെയർ, സർവ്വെയർ എന്നീ തസ്തികകളിലുള്ളവർക്കും പുരസ്ക്കാരങ്ങൾ സമ്മാനിക്കുകയും ചെയ്തു. കൂടാതെ മികച്ച ജില്ലാകളക്ടർക്കും പുരസ്ക്കാരം സമ്മാനിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ